# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 540 26.10.2016-ലെ മറുപടിയ്ക്ക്

## ജന്മാവകാശവും പട്ടയ അവകാശവും ഉള്ള ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീമതി.സി.കെ.ആശ | ശ്രീ.എ.കെ ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ട ആളുകൾക്ക് ജന്മാവകാശവും പട്ടയ അവകാശവും ഉള്ള ഭൂമി, ഇതര വിഭാഗക്കാർ കൈവശപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) ഇത്തരത്തിൽ യഥാർത്ഥ ഉടമകളിൽ നിന്ന് അനധികൃതമായി കൈവശപ്പെടുത്തിയിട്ടുള്ള ഭൂമി യഥാർത്ഥ അവകാശികൾക്ക് തന്നെ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉടമസ്ഥതയിലുള്ളഭൂമി അനധികൃതമായി കൈവശപ്പെടുത്തുന്നവർക്കെതിരെ 1989-ലെ പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും(അതിക്രമങ്ങൾ തടയൽ) നിയമത്തിലെ വകുപ്പുകൾ 3(1) (IV,V) / 2015-ലെ ഭേദഗതി നിയമം 4(1) (f,g) വകുപ്പുകൾ എന്നിവ പ്രകാരം നടപടി സ്വീകരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ അനധികൃതമായി കൈവശപ്പെടുത്തിയ ഭൂമി യഥാർത്ഥ അവകാശികൾക്ക് തിരികെ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ, പോലീസ് അധികാരികളുമായി ചേർന്ന് നടപടി സ്വീകരിക്കാറുണ്ട്. |

→

സി) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വർക്ക് ജന്മാവകാശം ലഭിച്ചതോ, സർക്കാരിൽ നിന്ന് പട്ടയം ലഭിച്ചതോ ആയ സ്ഥലം വിൽക്കാൻ പാടില്ലെന്ന നിയമം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷത്തേക്കാണ് ഈ വിലക്കുള്ളത് എന്നറിയിക്കുമോ?

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ജന്മാവകാശമായി ലഭിച്ച ഭൂമി വിൽക്കുന്നതിന് നിയമ തടസ്സമില്ല. എന്നാൽ പട്ടികജാതി വികസന വകുപ്പ് മുഖേന ധനസഹായം കൈപ്പറ്റി വാങ്ങിയ ഭൂമി വിൽക്കാൻ പാടില്ലെന്ന് നിയമം നിലവിലുണ്ട്. നിലവിലുള്ള വ്യവസ്ഥ പ്രകാരം പട്ടികജാതി ഗുണഭോക്താവ് കൈവശം വച്ച് അനുഭവിക്കുന്ന ഭൂമി കാലശേഷം മാത്രമേ അനന്തരാവകാശികൾക്ക് കൈമാറാൻ കഴിയുകയുള്ളൂ.

സർക്കാർ ഭൂമി പതിച്ച് നൽകുന്ന കേസുകളിൽ കേരള ഭൂ പതിവ് ചട്ടം 8 (1964)-ൽ (1A) പ്രകാരം 25 വർഷത്തേക്ക് ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ല. പട്ടിക വർഗ്ഗക്കാർക്ക് ലഭിച്ച ഭൂമി കൈമാറ്റം ചെയ്താൽ അവർ ഭൂരഹിതരാകുന്നില്ലെന്ന് ഉറപ്പ് വരുത്തി ജില്ലാ കളക്ടർമാരുടെ പ്രത്യേക അനുമതി വാങ്ങിയ ശേഷം മാത്രമേ ഭൂമി കൈമാറ്റത്തിന് അനുമതി നൽകുകയുള്ളൂ.

സെക്ഷൻ ഓഫീസർ